പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.325 | 11.06.2013 ൽ മറുപടിക്ക്

# പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പെരുന്തേനരുവി ചെറുകിട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇപ്പോൾ എന്തൊക്കെ നിർമ്മാണങ്ങളാണ് നടന്നുവരുന്നത്; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പ്രസ്തുത പദ്ധതിക്ക് എന്തു ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഏത് ഏജൻസിയാണ് നിർമ്മാണക്കരാറുകൾ ഏറ്റെടുത്തിട്ടുള്ളത്; | (എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുതി പദ്ധതിയുടെ നിർമ്മാണം 02.03.2012 ൽ ആരംഭിച്ചു. 6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇപ്പോൾ തടയണ, പവർ ഹൗസ്, പവർ ചാനൽ, ഫോർ ബെ ടാങ്ക് എന്നിവയുടെ എക്സ്കവേഷൻ ജോലികളാണ് നടന്നു വരുന്നത്. ഇലക്ട്രോ മെക്കാനിക്കൽ ഉപകരണങ്ങൾ സൈറ്റിൽ സപ്ലൈ ചെയ്തു തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം 02/2015 ൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ സിവിൽ ജോലിക്കു വേണ്ടി 34,83,76,095/- രൂപയും ഇലക്ട്രിക്കൽ ജോലിക്കു വേണ്ടി 13,33,84,973/- രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്. കൊച്ചി ആസ്ഥാനമായുള്ള പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനിയാണ് സിവിൽ ജോലിക്കുള്ള നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത്. ഫരീദാബാദ് ആസ്ഥാനമായുള്ള ഫ്ളോവൽ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഇലക്ട്രിക്കൽ ജോലികളുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത്. |

(....2)

| | | |
|---|---|---|
| (ബി) | സമയബന്ധിതമായി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതിന്റെയടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ